# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്താളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa kkd.p7/1240/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൂത്താളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa kkd.p7/1240/23 തീയ്യതി: 27/09/2023

## കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-10-2022 മുതൽ 26-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ഷൈനി പി,അസി.ഓഡിറ്റ് ഓഫീസർ,
രാജീവൻ എൻ, സീനി.ഗ്രേ.ഓഡിറ്റർ,
ദേവാനന്ദ് ടി, സീനി.ഗ്രേ.ഓഡിറ്റർ,
അപർണ ഡി,ഓഡിറ്റർ,
അയന എൻ, ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു കെ.കെ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജി എം സ്റ്റീഫൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ധന്യമാധവൻ | വി.ഇ.ഒ കൂത്താളി സർക്കിൾ | 01-04-2022 | 31-03-2023 |
| സബിത | വി.ഇ.ഒ പനക്കാട് സർക്കിൾ | 01-04-2022 | 31-03-2023 |
| ശിശിർ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ശബരീഷ് | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. കിടാവ് ദർശൻ നാരായൺ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ജിബിൽ പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 22-04-2022 |
| ഡോ.ദീപ രവിവർമ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 23-04-2022 | 31-03-2023 |
| ഷീന | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 03-01-2023 |
| നീതുവർഗ്ഗീസ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 04-01-2023 | 31-03-2023 |
| രമേശ്ബാബു | ഹെഡ്മാസ്റ്റർ | 01-04-2022 | 30-06-2022 |

| | | | |
|---|---|---|---|
| രാമചന്ദ്രൻ പി | ഹെഡ്മാസ്റ്റർ | 01-07-2022 | 31-03-2023 |
| ജിഷ ഒ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| അമൽ എസ്.ഡി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രിക-അപാകത | 1-1-2 |
| 4 | സ്റ്റെയ്ൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-3 |
| 5 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്യില്ല. | 1-1-4 |
| 6 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-5 |
| 7 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ആസ്തികൾ ബാലൻഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-8 |
| 10 | സ്ഥിര നിക്ഷേപം പലിശ ബാലൻസ് ഷീറ്റിലെ B12 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ് , യഥാർത്ഥത്തിൽ ബാങ്ക് ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | എ സി ആർ- എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഫണ്ട് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-7 |
| 20 | മെഡിക്കൽ ഓഫീസർ ,ഹോമിയോ - പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-8 |
| 21 | അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല- അപാകത ആവർത്തിക്കുന്നു. | 1-9 |
| 22 | അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചില്ല | 1-10 |
| 23 | അതി ദാരിദ്ര്യ പദ്ധതി ഗുണഭോക്താക്കൾക്ക് ചികിത്സ - നിർവ്വഹണത്തിലെ അപാകതകൾ | 1-11 |
| 24 | എസ്.എസ്.കെ.വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ | 1-12 |

| | | |
|---|---|---|
| | പാലിക്കുന്നില്ല | |
| 25 | തുടർ സാക്ഷരതാ പദ്ധതി മോണിറ്ററിംഗ് ചെയ്യുന്നതിൽ വീഴ്ച | 1-13 |
| 26 | തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച | 1-14 |
| 27 | എം ബുക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-15 |
| 28 | ലൈഫ് ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച | 1-16 |
| 29 | എഫ്.എച്ച്.സി യിലെ രോഗ നിർണ്ണയ സംവിധാനം മെച്ചപ്പെടുത്തൽ പദ്ധതിയിലെ അപാകതകൾ | 1-17 |
| 30 | പെണ്ണാട് വിതരണം(എസ്.സി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 31 | വയോജനകേന്ദ്രം പ്രവർത്തനക്ഷമമാക്കിയില്ല | 1-19 |
| 32 | ഭൂമി അന്യാധീനപ്പെടാതിരിക്കാൻ തുടർനടപടി സ്വീകരിച്ചില്ല | 1-20 |
| 33 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-21 |
| 34 | ഒരേ കെട്ടിടത്തിലെ നിർമ്മാണങ്ങൾക്ക് വ്യത്യസ്ത പദ്ധതികൾ | 1-22 |
| 35 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പ്രവർത്തനക്ഷമമായില്ല | 1-23 |
| 36 | എ.സി.പി. പാനലിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ കൂടിയ നിരക്ക് ഉൾപ്പെടുത്തി | 1-24 |
| 37 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 24.06.23 തിയ്യതിയിലെ 1(5)/23 തീരുമാന പ്രകാരം തയ്യാറാക്കി 13.07.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുത്താളി ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുത്താളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes On Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ).

### 1-1-2 ക്യാഷ് ഫ്ളോ പത്രിക-അപാകത

ക്യാഷ് ഫ്ളോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 സ്റ്റെയ്ൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല

കനറ ബാങ്ക് കുത്താളി ബ്രാഞ്ച് (Own Fund-2636) അക്കൗണ്ടിലെ 27.02.21, 11.03.21 തിയതികളിലെ 822103, 822114 ചെക്കുകൾ STALE Cheque ഇനത്തിലേക്ക് മാറ്റിയിട്ടില്ല.

1-1-4 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തില്ല.

സ്ട്രീറ്റ് മെയിൻ വലിക്കൽ ഡെപ്പോസിറ്റ് വർക്കിന് KSEB -യ്ക്ക് അഡ്വാൻസ് നൽകിയ തുക (685797/-) , Advance To Implementing Officers എന്ന ഹെഡിൽ പോസ്റ്റ് ചെയ്യുന്നതിന് പകരം Development Fund -CFC Basic Grant എന്ന ഹെഡിലാണ് പോസ്റ്റ് ചെയ്തത്. ഈ തുക പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന വരെ Advance To Implementing Agencies എന്ന ഹെഡിൽ വരവ് വയ്ക്കാതെ , മറ്റൊരു ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തതിനാൽ ആയത് പഞ്ചായത്തിന്റെ ആസ്തിയായി ബാലൻഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

1-1-5 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

ജലജീവൻ മിഷൻ ടാങ്ക് നിർമിക്കുന്നതിനായി KWA -യ്ക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ള 17 സെന്റ് സ്ഥലത്തെ 24 മരങ്ങൾ മുറിച്ച് ലേലത്തിൽ വിറ്റ വകയിൽ 1,81,000 രൂപ പഞ്ചായത്ത് ഫണ്ടിൽ വരവുണ്ട്. പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തേണ്ട ഈ തുക, R & P Statement -ൽ ബാധ്യതയായി 340100103-BiddersEMD ഇനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-6 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്ഥികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 53,397/-രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.
3. കാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന Sale Of TenderForms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 121645, 952 തുകകൾ വരവ് രേഖപ്പെടുത്തിയിട്ടുണ്ട് . ഈ തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-1-7 സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റ് എൻട്രി വരുത്തുന്നില്ല .

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-8 ആസ്തികൾ ബാലൻഷീറ്റിൽ ഉൾപ്പടുത്തിയില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

1-1-9 സ്ഥിര നിക്ഷേപം പലിശ ബാലൻസ് ഷീറ്റിലെ B12 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല

28.03.23 തിയതിയിൽ ഫെഡറൽ ബാങ്ക് പേരാമ്പ്ര ബ്രാഞ്ചിൽ (Ac.No.5685) 10,00,000 രൂപ 1

വർഷത്തേക്ക് Term Deposit ആയി നിക്ഷേപിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ ക്രഡിറ്റ് ആയ 731 രൂപ ഉൾപ്പെടെ 10,00,731 രൂപയാണ് 31.03.23 ന് നീക്കിയിരിപ്പ്. എന്നാൽ ബാലൻസ് ഷീറ്റിലെ B12 പ്രകാരം 10,00,000 രൂപയാണ് നീക്കിയിരിപ്പ്. പലിശ ഇനത്തിലെ 731 രൂപ ബാലൻസ് ഷീറ്റിലെ B17 ഷെഡ്യൂളിൽ ബാങ്ക് നീക്കിയിരിപ്പായാണ് കാണിച്ചിട്ടുള്ളത്. പലിശ ഇനത്തിൽ ക്രെഡിറ്റായ 731 രൂപ ഉൾപ്പെടെയുള്ള 1000731 രൂപ B12-ൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

### 1-1-10 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ് , യഥാർത്ഥത്തിൽ ബാങ്ക് ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

കനറ ബാങ്ക് കുത്താളി ബ്രാഞ്ച് (Own Fund-2636) അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് ബാലൻസ് 1603892 രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ബാങ്ക് ബുക്ക് ബാലൻസ്, ബാങ്ക് ബുക്ക് പ്രകാരവും AFS പ്രകാരവും 1616742 രൂപയാണ്. 12850 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-1-11 എ സി ആർ- എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി- Untied യഥാർത്ഥ വരവും, R&P ഷെഡ്യൂൾ പ്രകാരമുള്ള തുകയും തമ്മിൽ 94,380 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

CFC ഗ്രാന്റ് ബാലൻസ് ഷീറ്റ് ,ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 4 പ്രകാരം 2883317 രൂപയും, B 17-കനറ ബാങ്ക് CFC-PFMS പ്രകാരം 2883295 രൂപയുമാണ്. ഇവ തമ്മിൽ 22 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-2 ബജറ്റ്

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 25.03.2022ലെ 2(1) തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 13.03.2023ലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14171884 | 14171884 | 13399922 | 771962 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 4236595 | 4236595 | 4121428 | 115167 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 4570000 | 4570000 | 4322511 | 247489 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 6273000 | 6273000 | 2284323 | 3988677 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 625329 | 2192709 | 2818038 | 1801022 | 1017016* |
| | ട്രഷറി | 0 | 49672 | 49672 | 47702 | 1970 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 1154976 | 3139000 | 4293976 | 2427675 | 1866301 |
| | ട്രഷറി | 0 | 840273 | 840273 | 716696 | 123577 |

* R&P Schedule 30 യിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 പദ്ധതി അവലോകനം

തൻവർഷം 131 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 107 പ്രൊജക്ടുകൾ നടപ്പിലാക്കി. പദ്ധതിവിഹിതമായി 72035828രൂപ വകയിരുത്തിയതിൽ 42222066 രൂപ വിനിയോഗിച്ചു. പൊതു വിഭാഗം വികസന ഫണ്ടിന്റെ ചെലവ് 94.55 % ആണ്. എസ്.സി.പി ഫണ്ട് മുഴുവനും വിനിയോഗിച്ചിട്ടില്ല. എസ്.സി.പി ഫണ്ടിന്റെ ചെലവ് 97.28% ആണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടല്ല പലപ്പോഴും പദ്ധതികൾ രൂപപ്പെട്ടുവരുന്നത്. വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്ത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ കുറവായതിനാൽ പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ടുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ ഭരണസമിതിയെ അറിയിച്ചിരിക്കുന്നു. ഉദാഹരണമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വാർഡ് 2 ലെ കണാരൻ പുല്യോട്ട് എന്ന ഗുണഭോക്താവിന് നിലവിൽ കട്ടിൽ ഉള്ളതിനാൽ അനുവദിച്ച കട്ടിൽ ആവശ്യമില്ലെന്നറിയിച്ചിരിക്കുന്നു. ആവശ്യമായ പരിശോധന നടത്താതെയും ഡാറ്റാ കളക്ഷൻ നടത്താതെയുമാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്ന് കാണാം. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചതായി കാണുന്നില്ല. ഫിഷറീസ് മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 2019-20ൽ നിർമ്മിച്ച വയോജന കേന്ദ്രം നാളിതുവരെ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ടേക്ക് എ ബ്രേക്ക് കെട്ടിടം സംസ്ഥാന/ദേശീയ പാതയുടെ ഓരത്തോ വാണിജ്യ സങ്കേതങ്ങളുടെ സമീപത്തോ അല്ല നിർമ്മിച്ചിരിക്കുന്നത്.

## 1-5 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭൂസ്വത്ത് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടെ മുഴുവൻ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുഴുവൻ ഭൂമിയുടെയും ആധാരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ അളവു പുസ്തകങ്ങളുടെ സ്റ്റോക്ക്, വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. മരണപ്പെട്ട ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ബ്ലോക്ക് ചെയ്യുന്നതിനുള്ള സംവിധാനം പൂർണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2023ന് 10.30 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19887/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 ടാക്സ് ഓഡിറ്റ് - അവലോകനം

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കുത്താളി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിടങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം കുത്താളി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 6085 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1115 കെട്ടിടങ്ങളും, 4 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 151 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ.സി നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ 2 കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

നികുതി വരുമാനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ആകെ തനത് വരവ് 63,26,407/- രൂപയും, ആകെ നികുതി വരവ് 26,67,191/- രൂപയുമാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി വരവ് 18,48,938/- രൂപയാണ്. വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതും മുൻകാല ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശവുമായി ബന്ധപ്പെട്ട് അടവു വന്നതുമായി വസ്തുനികുതി കുടിശ്ശികയായ 11,05,492/- രൂപ കൂടി ഉൾപ്പെടുത്തിയാൽ തൻവർഷം വസ്തുനികുതി ഇനത്തിലുള്ള വരുമാനം ആകെ തനത് വരവിന്റെ 46.69 ശതമാനത്തോളമാണ്. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനയ്ക്ക് അനുസരിച്ച് വസ്തുനികുതി വരവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2019-20 മുതൽ തൻവർഷം വരെയുള്ള വസ്തുനികുതി വരവ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക | വർദ്ധനവ് |
|---|---|---|
| 2019-20 | 15,17,833 | |
| 2020-21 | 15,62,807 | 2.96% |
| 2021-22 | 15,68,169 | 0.34% |
| 2022-23 | 18,48,938 | 17.90% |

നികുതി പിരിവ്

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 20,00,000/- രൂപയായിരുന്നു. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈയിനത്തിലെ വരവ് 18,48,938/- രൂപയാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്ഥിരം സമിതി നികുതി പരിവ് സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓഫീസ് ഉത്തരവുകൾ മുഖേന ജീവനക്കാർക്ക് വാർഡുകൾ വിഭജിച്ച് നൽകുകയും, പിരിച്ചെടുക്കേണ്ട തുകയും പ്രതിദിന ടാർജറ്റും നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. കൂടാതെ 100% പിരിവ് ഉറപ്പു വരുത്തുന്നതിനായി കലക്ഷൻ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. കുത്താളി ഗ്രാമപഞ്ചായത്തിലെ കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പേരാമ്പ്ര ശാഖയിലുള്ള 67391983020 നമ്പർ ഇ-പെയ്മെന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയമെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നത്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ കേരള മിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്ന് ഐ.കെ.എം അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മാത്രം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എൻട്രി നടത്തിയാൽ മാത്രമേ തുക ഐ.എൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ.

നികുതി പരിഷ്കരണം

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി

നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.05.2023ലെ 7(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.05.2023ലെ 400959/പി.ടി.ആർ.വി.01/ജി.പി.ഒ /2023/3459 നമ്പരായി പ്രാഥമിക നോട്ടീസ് പുറപ്പെടുവിക്കുകയും ആയത് പത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ നികുതി നിരക്ക് പരിഷ്കരിച്ച് കൊണ്ടുള്ള അന്തിമ വിജ്ഞാപനം ഇതു വരെ പരസ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള പ്രാഥമിക നോട്ടീസും ആയത് സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനവും, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് പുതുക്കിക്കൊണ്ടുള്ള നോട്ടീസും ഇതു വരെ പരസ്യപ്പെടുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-റിവ്2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30-നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

നികുതിപരിഷ്കരണ പ്രാബല്യതീയതിയായ 01.04.2023ന് ശേഷം കൂത്താളി ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള 33 കെട്ടിടങ്ങൾക്കും, വാണിജ്യാവശ്യത്തിനുള്ള 5 കെട്ടിടങ്ങൾക്കും, പുതുതായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇവയെല്ലാം തന്നെ പഴയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് നടത്തിയിട്ടുള്ളത്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തരവിലെ ഖണ്ഡിക 5ലെ നിർദ്ദേശം ഇതു വരെ പാലിക്കപ്പെട്ടിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള തികച്ചും അഭിനന്ദനാർഹമായ ശ്രമങ്ങൾ കൂത്താളി ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്നുണ്ട്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ധനകാര്യ സ്ഥിരംസമിതി 19.04.2021ലെ 33/2020-25 നമ്പർ തീരുമാനപ്രകാരം ശിപാർശ ചെയ്തതനുസരിച്ച് കെട്ടിടങ്ങളുടെ ഫീൽഡ് തല പരിശോധന നടത്തി നികുതി പുനർനിർണ്ണയത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്കുമാർ നടത്തിയ പരിശോധനയിൽ ഘടനാപരമായ വ്യത്യാസങ്ങൾ വരുത്തിയ 224 കെട്ടിടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. തുടർന്ന് ഇത്തരം കെട്ടിടങ്ങൾ അളന്ന് നികുതി പുനർനിർണ്ണയത്തിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, കൂടുതൽ കെട്ടിടങ്ങളും അനധികൃത നിർമ്മിതികളും കണ്ടെത്തുന്നതിനും, ഗ്രാമപഞ്ചായത്ത് സാങ്കേതിക യോഗ്യതയുള്ള രണ്ട് പേരെ ഓവർസിയർമാരായി താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഇതുവരെ ഇത്തരത്തിലുള്ള 220 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ കാലികമാക്കി വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ കുത്താളി ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.
2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
3. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
5. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.
6. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-8 മെഡിക്കൽ ഓഫീസർ ,ഹോമിയോ - പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നം. - 9, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ.

അടങ്കൽ - 4,00,000

ചെലവ് - 4,00,000

മേൽ പദ്ധതി വഴി സ്ഥാപനത്തിലേക്ക് മരുന്ന വാങ്ങുന്നതിനായി 10.11.22ന് ഹോംകോയ്ക്ക് 4,00,000 രൂപ നൽകിയിട്ടുണ്ട് (PROCEEDINGS NO.69/17.10.22). എന്നാൽ ഹോംകോ എഗ്രിമെന്റ് വയ്ക്കുന്നത് 23.12.22 നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് 04.01.23 നുമാണ്. 07.07.2023 ന് 1,80,689 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 2,19,311 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

സ.ഉ(കൈ)നം.115/2022 തസ്വഭ തിയതി 28/05/2022 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന വാങ്ങാനോ തുക ചെലവഴിക്കാനോ പാടില്ലാത്തതും ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന

ഗുണമേന്മയുള്ള മരുന്ന് വാങ്ങാവുന്നതുമാണ്.

എന്നാൽ ഇതിനു വിരുദ്ധമായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് , എഗ്രിമെന്റ് എന്നിവ ലഭ്യമാക്കാതെ മരുന്ന് വാങ്ങാൻ പണം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കുന്നതു വരെ 2,19,311 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-9 അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല- അപാകത ആവർത്തിക്കുന്നു.

പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പരിശോധന നടത്തേണ്ടതും മരണപ്പെട്ടവരുടെ വിശദ വിവരങ്ങൾ കൃത്യമായും സമയബന്ധിതമായും ശേഖരിച്ച് പെൻഷൻ അധികമായി അനുവദിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ് എന്ന് കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ1-13) നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലും ഫലപ്രദമായ രീതിയിൽ ആയത് നടത്തുന്നില്ല.

ഉദാഹരണത്തിന് വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായിരുന്ന ബാലൻ പി (പെൻഷൻ ഐ.ഡി.നമ്പർ 110250200249) 04.3.22ന് മരണപ്പെട്ട വിവരം മരണ രജിസ്റ്ററിൽ നിന്നും ലഭ്യമാണ്. എന്നാൽ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഈ വ്യക്തി തുടർന്നും ഉൾപ്പെട്ടതായും April 2023 വരെ അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെട്ടതായും കാണുന്നു. അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചതായോ, നിലവിൽ പെൻഷൻ റദ്ദ് ചെയ്തതായോ കാണുന്നില്ല.

മുകളിൽ കാണിച്ച ഉദാഹരണം ഉൾപ്പെടെ പഞ്ചായത്തിലെ മരണ രജിസ്റ്ററിൽ ചേർക്കപ്പെട്ടവരുടെ പോലും പെൻഷൻ റദ്ദ് ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും, പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അനർഹരായവരെ കണ്ടെത്തി അധികമായി നൽകിയ തുക തിരിച്ചടവാക്കി അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം പാലിക്കുന്നതിലുള്ള അലംഭാവം ഗൗരവമായി കാണുന്നു.

## 1-10 അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി അഗതി രഹിതകേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ചെലവഴിച്ച തുകയുടെയും, ഭൗതിക നേട്ടത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സേവന പാക്കേജിലെ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഭക്ഷണം | 84 | 20,01,600 | 20,01,600 |
| 2 | വീട് | 7 | 32,00,000 | 8,00,000 |
| 3 | വീട് റിപ്പയറിങ്ങ് | 23 | 23,00,000 | 15,00,000 |
| 4 | ഭൂമി | 5 | 15,00,000 | 3,00,000 |
| 5 | കുടിവെള്ളം | 41 | 9,65,000 | 1,25,000 |
| 6 | കക്കൂസ് | 13 | 2,61,800 | 1,54,000 |

| | | | | |
|---|---|---|---|---|
| 7 | വിദ്യാഭ്യാസം | 17 | 29,200 | 13,160 |
| 8 | ചികിത്സ | 76 | 7,65,309 | 1,42,126 |
| 9 | വസ്ത്രം | 84 | 1,26,000 | 0 |

ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 84 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മൂന്ന് വർഷമാണ് പദ്ധതി കാലയളവ് എന്നിരിക്കെ സേവന പാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിക്ക് ചാലഞ്ച് ഫണ്ട് ഇനത്തിൽ 1018686/-രൂപ ലഭിക്കുകയുണ്ടായി. പ്രധാനമായും ഭക്ഷണ വിതരണത്തിനാണ് ഈ തുക വിനിയോഗിച്ചിരിക്കുന്നത്. ഈ തുക മുഴുവൻ വിനിയോഗിച്ചതിന് ശേഷം ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 350000/- രൂപ ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിന് അനുവദിച്ചിരുന്നു. എന്നാൽ 2022 സെപ്റ്റംബർ മാസം വരെയാണ് ഈ തുക ഉപയോഗിച്ച് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുള്ളൂ. പിന്നീട് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടായിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/23/3.8.23) മറുപടി നൽകിയിട്ടില്ല. അഗതികളുടെ കാര്യത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും സമയ ബന്ധിതമായി ലഭ്യമാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 അതി ദാരിദ്ര്യ പദ്ധതി ഗുണഭോക്താക്കൾക്ക് ചികിത്സ - നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അതി ദാരിദ്ര്യ കുടുംബങ്ങൾക്ക് ചികിത്സാ സഹായം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡി.ഓഫീസർ |
| പ്രോജക്ട് നം. | 142/23 |
| അടങ്കൽ | 10000/- |
| ഫണ്ട് | C.F.C |
| ചെലവ് | 10000 |
| ബിൽനം. തി. | 234/23/15.3.23 |

അതി ദാരിദ്ര്യ ഗുണഭോക്താക്കൾക്ക് മരുന്ന്, ലാബ് ടെസ്റ്റ്, സ്കാനിംഗ്, ഡോക്ടറുടെ ഫീസ് എന്നിവ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. മേൽപ്പറഞ്ഞ എല്ലാ സേവനങ്ങളും ലഭ്യമാക്കിയിരിക്കുന്നത് പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കുടുംബാരോഗ്യകേന്ദ്രം, സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുമായിരുന്ന ഈ സേവനങ്ങൾ ഉപയോഗപ്പെടുത്താതെ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/23/02.8.23) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ മറുപടി നൽകേണ്ടതാണ്.

## 1-12 എസ്.എസ്.കെ.വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികൾക്കായി എസ്.എസ്.കെ. വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നം. | 87/23 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസന ഫണ്ട്(gen) |
| ചെലവ് | 400000/- |
| ബിൽനം. തി. | 754/23/24.8.22 |

ജില്ലാ പ്രൊജക്റ്റ് കോ-ഓർഡിനേറ്ററുടെ ബി-877/22/ssk/16-7-22നമ്പർ കത്ത് പ്രകാരം വിവിധ അക്കാദമി പ്രവർത്തനങ്ങൾ, മരാമത്ത് പ്രവൃത്തികൾ, യൂണിഫോം വിതരണം, അധ്യാപകർക്കുള്ള ട്രെയിനിങ്ങുകൾ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

സ.ഉ (കൈ)നം.84/2022.തസ്വഭവ.തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.8-6 ൽ ഈ തുക ഉപയോഗിച്ച് ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ.പ്രൊജക്റ്റ് ഓഫീസർ അറിയിക്കേണ്ടതാണെന്നും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/23/02.08.23) മറുപടി നൽകിയിട്ടില്ല. എസ്.എസ്.കെ.വിഹിതം നൽകുന്ന കാര്യത്തിൽ പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-13 തുടർ സാക്ഷരതാ പദ്ധതി മോണിറ്ററിംഗ് ചെയ്യുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നം. | 89/23 |
| അടങ്കൽ | 65850/- |
| ഫണ്ട് | വികസന ഫണ്ട്(gen) |
| ചെലവ് | 65850/- |
| ബിൽനം. തി. | 360/23/20.12.22 |

തുടർ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി പത്താം തരം പരീക്ഷ എഴുതുന്ന 15 ഗുണഭോക്താക്കൾക്ക് 1750/-രൂപ വീതവും, പ്ലസ് ടു പരീക്ഷ എഴുതുന്ന 18 ഗുണഭോക്താക്കൾക്ക് 2200/- രൂപാ വീതവും ഫീസ് ഇനത്തിൽ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷകർ പരീക്ഷ എഴുതിയിട്ടുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ

സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/23/02.08.23) മറുപടി നൽകിയിട്ടില്ല. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-14 തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച

പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചെറുകിട – പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും, അവയിൽ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സാങ്കേതിക സഹായം നൽകുക, സംരംഭകത്വ വികസനത്തിന് പ്രോൽസാഹനം നൽകുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.(സ.ഉ.(കൈ) നം.84/22/തസ്വഭവ. തി.19.04.2022 ഖ 8-4 കാണുക)

സംരംഭകത്വ പദ്ധതികളുടെ സാക്ഷാൽക്കാരത്തിനായി തദ്ദേശീയരായ സംരംഭകരെ പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണ്. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകണം. എന്നാൽ ഓഡിറ്റ് വർഷം ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ, 03.05.2022ന് ചേർന്ന യോഗത്തിൽ 13 പദ്ധതികൾ വിവിധ മേഖലകളിൽ നിർദ്ദേശിക്കപ്പെട്ടെങ്കിലും അവയൊന്നും തന്നെ നടപ്പിലാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചതായി കാണുന്നില്ല. മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും നൂതനാശയങ്ങൾ ഉൾക്കൊള്ളുന്ന സംരംഭങ്ങൾ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലയിൽ ഓഡിറ്റ് വർഷം കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ മേഖലയിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/23/02.8.23) മറുപടി നൽകിയിട്ടില്ല. പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ തൊഴിൽ സംരംഭങ്ങളുടെ പ്രോത്സാഹനത്തിന്റെ കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വരും വർഷങ്ങളിൽ ഈ മേഖലയിൽ ആവശ്യമായ പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-15 എം ബുക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

കുത്താളി ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ അളവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായുള്ള മെഷർമെന്റ് ബുക്കുകൾ സ്റ്റോക്കിലെടുക്കുന്നതിലും വിതരണം ചെയ്യുന്നതിലും താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. ഗ്രാമപഞ്ചായത്ത് ഓഫീസിലെ എം.ബുക്കുകളുടെ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്ററിൽ സ്റ്റോക്കിലെടുക്കുന്ന പുസ്തകങ്ങളുടെ ആകെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. ഏത് നമ്പർ മുതൽ ഏത് നമ്പർ വരെയുള്ള പുസ്തകങ്ങളാണ് സ്റ്റോക്കിലെടുക്കുന്നത് എന്ന് രേഖപ്പെടുത്തുന്നില്ല. കൂടാതെ വിതരണത്തിന് ശേഷം അവശേഷിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

2. ഗ്രാമപഞ്ചായത്തിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് 08.03.2023ന് ലഭിച്ച 25 പേജുള്ള 500 എം.ബുക്കുകളിൽ നിന്ന് 08.03.2023ന് 110 എണ്ണവും (സീരിയൽ നമ്പർ 432/22-23 മുതൽ 541/22-23 വരെ), 15.05.2023ന് 200 എണ്ണവും (സീരിയൽ നമ്പർ 01/23-24മുതൽ 200/23-24 വരെ) തൊഴിലുറപ്പ് വിഭാഗത്തിലേക്ക് നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് വിഭാഗത്തിൽ ഈ പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുകയോ ഏതെല്ലാം പുസ്തകങ്ങൾ ഏതെല്ലാം പ്രവൃത്തികൾക്കാണ് നൽകിയിട്ടുള്ളതെന്ന് രേഖപ്പെടുത്തി വയ്ക്കുകയോ ചെയ്തിട്ടില്ല.

3. താഴെ പറയും പ്രകാരം ആകെ 58 എം.ബുക്കുകളാണ് തൊഴിലുറപ്പ് വിഭാഗത്തിൽ

അവശേഷിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്.

| ക്രമ നമ്പർ | എണ്ണം |
|---|---|
| 127 മുതൽ 131 വരെ | 5 |
| 138മുതൽ 147 വരെ | 10 |
| 150മുതൽ 193 വരെ | 43 |
| ആകെ | 58 |

തൊഴിലുറപ്പ് വിഭാഗത്തിൽ നിന്ന് വിവിധ പ്രവൃത്തികൾക്കായി എം.ബുക്കുകൾ വിതരണം ചെയ്തു വരുന്നത് സിരീയൽ നമ്പർ ക്രമത്തിലല്ല. സീരിയൽ നമ്പർ 132 മുതൽ 137 വരെയും, 148മുതൽ 149 വരെയും, 193 മുതൽ 200 വരെയുമുള്ള ബുക്കുകൾ ഇതിനകം തന്നെ ക്രമം പാലിക്കാതെ വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2022-23 തീയതി 02.08.2023) മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിലെ എം.ബുക്കുകളുടെ സ്റ്റോക്ക് & ഇഷ്യു രജിസ്റ്ററിൽ സ്റ്റോക്കിലെടുക്കുന്ന പുസ്തകങ്ങളുടെ സീരിയൽ നമ്പറും, വിതരണത്തിന് ശേഷം അവശേഷിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ തൊഴിലുറപ്പ് വിഭാഗത്തിൽ എം.ബുക്കിന് സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കേണ്ടതും, സീരിയൽ ക്രമത്തിലാണ് പുസ്തകങ്ങൾ വിതരണം ചെയ്യുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിലുള്ള പുരോഗതി അറിയിക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ലൈഫ് പി.എം.എ.വൈ.ഭവന നിർമ്മാണം -ജനറൽ | 37/23 | 89,00,000 | 35,52,397 |
| ലൈഫ് പി.എം.എ.വൈ.ഭവന നിർമ്മാണം-എസ്.സി | 38/23 | 80,00,000 | 36,37,953 |

ലൈഫ് പദ്ധതിയിൽ 50 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകേണ്ടത്. ഇതിൽ മുഴുവൻപേരും എഗ്രിമെന്റ് വെച്ചെങ്കിലും ആരും തന്നെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. അഡ്വാൻസ് കൈപ്പറ്റിയവരിൽ 7 പേർ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക |
|---|---|
| ശാരദ,അമൃതകൃപ, കുത്താളി(ജനറൽ) | 40,000/- |
| സീന കുളപ്പുറത്ത് താഴെകുനിയിൽ(എസ്.സി) | 40,000/- |
| മിഥുൻരാജ്,മീത്തലെ പാറക്കുതാഴെ(എസ്.സി) | 40,000/- |
| ശ്രുതി, നിരത്തിന്റെമീത്തൽ(എസ്.സി) | 40,000/- |
| ഹിമ ദാമോദരൻ (എസ്.സി) | 40,000/- |
| ലീല, വെള്ളപ്പാറക്കൽ(എസ്.സി) | 40,000/- |
| മഞ്ജുള.കെ, പൊയിൽ മീത്തൽ(എസ്.സി) | 40,000/- |

ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവ്യത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/22-23/2.8.23) മറുപടി നൽകിയിട്ടില്ല. മുഴുവൻ ഗുണഭോക്താക്കളും സമയ ബന്ധിതമായി ഭവന നിർമ്മാണം പൂർത്തിയാക്കുന്നു എന്നത് ഉറപ്പു വരുത്തി അറിയിക്കേണ്ടതാണ്.

## 1-17 എഫ്.എച്ച്.സി യിലെ രോഗ നിർണ്ണയ സംവിധാനം മെച്ചപ്പെടുത്തൽ പദ്ധതിയിലെ അപാകതകൾ

കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗ നിർണ്ണയ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡി.ഓഫീസർ |
| പ്രോജക്ട് നം. | 113/23 |
| അടങ്കൽ | 179875/- |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 92479 |
| ബിൽനം. തി. | 368/23/25.3.23 |

ആശുപത്രി ലാബിലേക്ക് എയർകണ്ടീഷണർ, ഫ്രിഡ്ജ്,റീയേജന്റുകൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ ലാബിലേക്കാവശ്യമായ റീയേജന്റുകളും അനുബന്ധ ഉപകരണങ്ങളും മാത്രമാണ് പദ്ധതിയിൽ വാങ്ങിയിട്ടുള്ളത്. MED WELLകോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ടാണ് റീയേജന്റുകൾ വാങ്ങിയിരിക്കുന്നത്. ജി.ഒ.(പി) നം.259/2011. തസ്വഭവ.തി. 08.11.2010 പ്രകാരമുള്ള പ്രൊക്വയർമെന്റ് മാന്വലിൽ 25000 നും 100000 നും ഇടയിലുള്ള വാങ്ങലുകൾ നടത്തേണ്ടത് ലിമിറ്റഡ് ടെണ്ടർ മുഖേനയാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/23/02.8.23) മറുപടി നൽകിയിട്ടില്ല. നടപടി ക്രമം പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-18 പെണ്ണാട് വിതരണം(എസ്.സി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പട്ടിക ജാതി ഗുണഭോക്താക്കൾക്ക് പെണ്ണാട് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. | 97/23 |
| അടങ്കൽ | 54000/- |
| ഫണ്ട് | വികസന ഫണ്ട്(scp) |
| ചെലവ് | 27000/- |
| ബിൽനം. തി. | 455/23/18.3.23 |

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട നാല് വനിതകൾക്ക് രണ്ട് പെണ്ണാടുകളെ വീതം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. സ.ഉ(കൈ) നം.115/2018/തസ്വഭവ. തി.28.5.2022 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ ഖ.6-3-3 ൽ ഗുണഭോക്താക്കൾ വാങ്ങുന്ന ആടുകൾക്ക് 12 കിലോ ഭാരം എങ്കിലും ഉള്ളവയായിരിക്കണം എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊജക്ടിൽ 9000 രൂപ വിലയുള്ള 20 കിലോഗ്രാം ഭാരമുള്ള ആടുകളെ വാങ്ങണമെന്നാണ്

നിർദ്ദേശിച്ചിരിക്കുന്നത്. ഒരു വയസ്സിന് മുകളിൽ പ്രായമുള്ള ആടുകളുടെ വിലയായി ജില്ലാ തല യൂണിറ്റ് കോസ്റ്റ് 450/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് പ്രകാരമാണ് സബ്സിഡി നൽകിയിരിക്കുന്നത്(450x20). എന്നാൽ ആടുകളുടെ തൂക്കം വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരം പ്രൊജക്ടുകളുടെ കാര്യത്തിൽ പരമാവധി സബ്സിഡി നൽകുന്ന രീതിയിൽ പ്രൊജക്ടിൽ തുക വകയിരുത്തുന്നത് ശരിയായ നടപടിയല്ല. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ഒരു യോഗം 9.12.2022 ന് പഞ്ചായത്തിൽ വെച്ച് ചേർന്നിരുന്നു. ഈ യോഗത്തിൽ 10 ഗുണഭോക്താക്കൾ പങ്കെടുത്തിട്ടുണ്ട്. എന്നാൽ രണ്ട് ഗുണഭോക്താക്കൾ മാത്രമേ ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നുള്ളൂ. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/23/02.8.23) മറുപടി നൽകിയിട്ടില്ല. പദ്ധതി രൂപീകരണത്തിൽ മേൽ സൂചിപ്പിച്ച അപാകതകൾ ഉണ്ടാകുന്നില്ലെന്നത് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 വയോജനകേന്ദ്രം പ്രവർത്തനക്ഷമമാക്കിയില്ല

2019-20 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച വാർഡ് മൂന്നിലെ വയോജനകേന്ദ്രം തൻവർഷവും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

കേന്ദ്രത്തിലേക്ക് തൻവർഷം 1 സോഫ, 1 എൽ.ഇ.ഡി ടിവി, 1 ഡൈനിംഗ് ടേബിൾ, 24 ഫൈബർ ചെയർ എന്നിവ 52516 രൂപ വികസന ഫണ്ട് വിനിയോഗിച്ച് സെക്രട്ടറിയുടെ പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്. എന്നാൽ വാട്ടർ കണക്ഷൻ ലഭ്യമല്ലാത്തതിനാൽ കേന്ദ്രം തൻവർഷവും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പ്രൊജക്ടിൽ നിർദ്ദേശിച്ച വിധം കെട്ടിടം പ്രയോജനപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 ഭൂമി അന്യാധീനപ്പെടാതിരിക്കാൻ തുടർനടപടി സ്വീകരിച്ചില്ല

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-10ൽ ഗ്രാമ പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി മുൻകാലങ്ങളിൽ ആർജ്ജിച്ച ഭൂമിയുടെ രേഖകൾ സൂക്ഷിക്കാത്തതിനെപ്പറ്റിയും കരമൊടുക്കാത്തതിനെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. എന്നാൽ അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വാർഡ് മൂന്നിൽ ഡോക്യുമെന്റ് നമ്പർ 685/1 പ്രകാരം 30.03.1982 ൽ ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച 61.3/4 സെന്റ് ഭൂമിയുടെ തെക്കുഭാഗത്തായി രണ്ട് ഏക്കറോളം ഭൂമി ഗ്രാമ പഞ്ചായത്തിന്റേതായി ഉണ്ടെന്ന് വാർഡ് മെമ്പർമാർ വാക്കാൽ ഓഡിറ്റിനെ അറിയിച്ചിരുന്നു(2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കാണുക). എന്നാൽ ഈ ഭൂമിയുടെ ആധാരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭൂനികുതി ഒടുക്കിയിട്ടില്ല. വാർഡ് 7 ൽ പഷ്ണിപ്പറമ്പ് എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 60 സെന്റ് ഭൂമി ഉള്ളതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ഓഡിറ്റിനെ അറിയിച്ചിരുന്നു. ഇതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത മേൽ ഭൂമി അന്യാധീനപ്പെടാതിരിക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചതായി കാണുന്നില്ല. തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിച്ചെലവുകൾക്ക് ചെലവ് രേഖകൾ/ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ | തുക | ചെലവ് വിവരം | റിമാർക്സ് |
|---|---|---|---|

| നമ്പർ | | | |
|---|---|---|---|
| 1 | 582862 (ബിൽ നം. 74/28.10.22) പ്രൊജക്ട് നം. 95/22-23 | 4580 മീറ്റർ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് എ.ഇ, ചക്കിട്ടപാറ ഇലക്ട്രിക്കൽ സെക്ഷന് കൈമാറിയത്. | കെ.എസ്.ഇ.ബി യുമായി കരാർ വെക്കാതെ തുക കൈമാറി.വിനിയോഗ വിവരം ലഭ്യമല്ല. |
| 2 | 102935 (ബിൽ നം. 95/23.11.22) പ്രൊജക്ട് നം. 95/22-23 | 600 മീറ്റർ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് എ.ഇ, പേരാമ്പ്ര ഇലക്ട്രിക്കൽ സെക്ഷന് കൈമാറിയത്. | കെ.എസ്.ഇ.ബി യുമായി കരാർ വെക്കാതെ തുക കൈമാറി. വിനിയോഗ വിവരം ലഭ്യമല്ല. |
| 3 | 300000 (ബിൽ നം. 49/28.8.22) പ്രൊജക്ട് നം.41/22-23 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയിലേക്ക് കൈമാറിയത്. | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |

വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 ഒരേ കെട്ടിടത്തിലെ നിർമ്മാണങ്ങൾക്ക് വ്യത്യസ്ത പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള എംസിഎഫ് കെട്ടിടത്തിൽ 2022-23 വർഷത്തിൽ നടത്തിയ നിർമ്മാണപ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് പേര്/നമ്പർ /കരാറുകാരൻ | അടങ്കൽ/ ചെലവ് | എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിച്ച പ്രവൃത്തികൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എം സി എഫ് ഒന്നാം നിലയിൽ ഹരിതകർമ്മസേനയ്ക്ക് ഓഫീസ് - ഒന്നാം ഘട്ട നിർമ്മാണം 127/23 ശ്രീ.വി.കെ.സാജു | 6,04,000/- CFC(Tied) 5,11,774/- | ഓഫീസ് റൂം, ഡൈനിംഗ് റൂം, 2 ടോയ്‌ലറ്റുകൾ, ഡ്രസ്സിംഗ് റൂം തുടങ്ങിയവയുടെ സ്ട്രക്ച്ചറൽ വർക്കുകൾ |
| 2 | എം സി എഫ് ഒന്നാം നിലയിൽ ഹരിതകർമ്മസേനയ്ക്ക് ഓഫീസ് - രണ്ടാം ഘട്ട നിർമ്മാണം 134/23 ശ്രീ.വി.കെ.സാജു | 3,65,635/- CFC(Tied) 3,20,355/- | ഒന്നാം ഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച ഓഫീസ് കെട്ടിടം ചുമർ നിർമ്മിച്ച് പൂർത്തീകരിക്കുന്നതിന് |
| 3 | എം സി എഫ് ഒന്നാം നിലയിൽ ബാത്ത് റൂം നിർമ്മാണം 143/23 ശ്രീ.വി.കെ.സാജു | 2,01,523/- CFC(Tied) 47,668/- | ഒന്നാം ഘട്ടത്തിൽ സ്ട്രക്ച്ചറൽ വർക്കുകൾ ചെയ്ത ബാത്ത് റൂമിന്റെ ചുമർ നിർമ്മിച്ച് പൂർത്തീകരിക്കുന്നതിന് |
| 4 | എം സി എഫ് ഭൗതികസാഹചര്യം മെച്ചപ്പെടുത്തലും ടോയ്‌ലറ്റ് നവീകരണവും 27/23 ശ്രീ.വി.കെ.സാജു | 6,34,293/- കേന്ദ്രാവിഷ്കൃത പരിപാടി 5,83,464/- | MCF കെട്ടിടവും CDS കെട്ടിടവും തമ്മിൽ ബന്ധിപ്പിക്കുന്ന ഭാഗത്ത് സ്റ്റെയർ കേസ്, MCF കെട്ടിടത്തിന് മുൻപിലുള്ള ഭാഗം റൂഫ് ട്രസ്സ്, ഇന്റർലോക്ക് പതിക്കൽ, ടോയ്‌ലറ്റ് നിർമ്മാണം, നിലവിലുള്ള ടോയ്‌ലറ്റ് ടൈൽ പതിക്കൽ തുടങ്ങിയവ |
| 5 | എം സി എഫ് വയറിംഗ് 36/23 ശ്രീ.ശശീന്ദ്രൻ.ഇ | 1,08,632/- കേന്ദ്രാവിഷ്കൃത പരിപാടി 1,06,838/- | എം സി എഫ് കെട്ടിടത്തിന്റെ വയറിംഗ് (താഴത്തെ നില) |

മുകളിൽ വിവരിച്ചവയിൽ ക്രമ നമ്പർ 4, 5 എന്നിവ സ്പിൽ ഓവർ പദ്ധതികളായി 2022-23 വർഷത്തേയ്ക്ക് വന്നവയാണ്. മേൽ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ കണ്ട പ്രധാന പോരായ്മകൾ ചുവടെ കൊടുക്കുന്നു,

1. പദ്ധതികൾ സമഗ്രതയോടെ തയ്യാറാക്കുന്നില്ല

ഒരേ കെട്ടിടത്തിൽ തന്നെയുള്ള മേൽ നിർമ്മാണങ്ങൾ മുഴുവനായി ഉൾക്കൊള്ളിച്ച് സമഗ്രമായ പദ്ധതി തയ്യാറാക്കാതെ ഒരേ വർഷത്തിൽ തന്നെ വ്യത്യസ്ത പ്രോജക്ടുകളായി നടപ്പിലാക്കുന്നു. ഇതുമൂലം പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി മുതൽ ടെണ്ടർ വരെയുള്ള വിവിധ നടപടികൾക്കായി സാങ്കേതിക വിഭാഗത്തിന്റെ മനുഷ്യാധ്വാനം കൂടുന്ന അവസ്ഥയും, ടെണ്ടറിൽ ലഭ്യമാക്കാമായിരുന്ന കുറവ് ഉറപ്പാക്കാൻ സാധിക്കാതെയും വരുന്നുണ്ട്.

2. യഥാർത്ഥ ആവശ്യങ്ങൾ കണക്കാക്കാതെ/ തീരുമാനിക്കാതെ പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നു

ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള എംസിഎഫ് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഹരിതകർമ്മസേനയ്ക്ക് ഓഫീസ് നിർമ്മിക്കുന്നതിനാണ് ക്രമനം.1 പ്രകാരമുള്ള പ്രൊജക്ട് രൂപീകരിച്ചത്. ഓഫീസ് റൂം, ഡൈനിംഗ് റൂം, ഡൈനിംഗ് റൂമിൽ നിന്ന് പ്രവേശിക്കാവുന്ന തരത്തിൽ 2 ടോയ്‌ലറ്റുകൾ, ഡ്രസ്സിംഗ് റൂം എന്നിവയാണ് പ്ലാനിൽ ഉൾപ്പെടുത്തിയത്. എന്നാൽ ക്രമ നം.2 പ്രകാരം രണ്ടാം ഘട്ട നിർമ്മാണത്തിന് വേണ്ടി തയ്യാറാക്കിയ പ്ലാനിൽ ഡ്രസ്സിംഗ് റൂം, ഡൈനിംഗ് ഹാൾ എന്നിവയ്ക്ക് പകരം 3 ഓഫീസ് മുറികൾ ഉൾപ്പെടുത്തിയതായി കാണുന്നു. കൂടാതെ രണ്ടു ടോയ്‌ലറ്റുകളിൽ ഒന്ന് ഓഫീസിനകത്തു നിന്ന് പ്രവേശിക്കുന്ന തരത്തിലും മറ്റൊന്ന് കെട്ടിടത്തിന്റെ പുറത്ത് കൂടി സ്റ്റെയർ കേസ് നൽകി വരാന്തയിലൂടെ പ്രവേശിക്കുന്ന രീതിയിലും ആക്കി മാറ്റിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് വേണ്ടി ആണ് പുറത്ത് നിന്ന് വാതിൽ നൽകി ടോയ്‌ലറ്റ് നിർമ്മിച്ചത്. പുറത്തു കൂടി സ്റ്റെയർ കേസ് നിർമ്മിക്കണമെങ്കിൽ ക്രമ നം.4 പ്രകാരം നിർമ്മിച്ച റൂഫ് ട്രസ് പൊളിച്ചു നീക്കേണ്ടി വരും. ഒരേ വർഷം തന്നെ റൂഫ് ട്രസ് നിർമ്മിക്കുന്നതിനും അതു പൊളിച്ചു നീക്കി അതേ സ്ഥലത്ത് തന്നെ സ്റ്റെയർകേസ് നിർമ്മിക്കുന്നതിനും പ്ലാൻ തയ്യാറാക്കിയതിന്റെ സാംഗത്യം വ്യക്തമല്ല. സ്റ്റെയർകേസിന്റെ പ്രവൃത്തി തൻവർഷം ചെയ്തിട്ടില്ലെങ്കിലും പുറത്തേക്ക് നിർമ്മിച്ച ടോയ്‌ലറ്റ് ഉപയോഗിക്കണമെങ്കിൽ സ്റ്റെയർകേസിന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. അതായത് 2022-23 വർഷം നിർമ്മിച്ച റൂഫ് ട്രസ് ഉടൻ തന്നെ പൊളിച്ചു നീക്കേണ്ടി വരും. എം സി എഫ് കെട്ടിടത്തിന്റെ താഴെ നിലയിൽ 3 പൊതുടോയ്‌ലറ്റുകൾ ഉണ്ടെന്നിരിക്കെ നിലവിലുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തി ഒന്നാം നിലയിൽ വീണ്ടും ഒരു പൊതുടോയ്‌ലറ്റ് നിർമ്മിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3. ഹരിതകർമ്മസേനയ്ക്ക് വേണ്ടി ആരംഭിച്ച കെട്ടിടം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് ആക്കി മാറ്റുന്നു.

ഹരിതകർമ്മസേനയ്ക്ക് ഓഫീസ് നിർമ്മിക്കുന്നതിനാണ് CFC (Tied) ഫണ്ട് വകയിരുത്തി ക്രമനം.1 മുതൽ 3 വരെയുള്ള പദ്ധതികൾ തയ്യാറാക്കിയത്. ഇതു പ്രകാരം ഒന്നാം നിലയിൽ ഒരു ഹാൾ നിർമ്മിച്ചതല്ലാതെ ഭിത്തികൾ നിർമ്മിച്ച് മുറികളായി തിരിച്ചിട്ടില്ല. മുറികളായി തിരിച്ച് ഓഫീസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി 2023-24 വർഷം പ്രൊജക്ട് രൂപീകരിച്ചിരിക്കുന്നത് എം സി എഫ് ഫസ്റ്റ് ഫ്ലോറിൽ AE ഓഫീസ് വിപുലീകരണം എന്ന പേരിലാണ്. (പ്രൊജക്ട് നം. 104/24, അടങ്കൽ - 13,26,764, സംരക്ഷണഗ്രാന്റ്(നോൺ റോഡ്)). അതായത് ഹരിതകർമ്മസേനയ്ക്ക് വേണ്ടി CFC(Tied) ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് ആക്കി മാറ്റുകയാണ്. പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗത്തിനുള്ള ഉപപദ്ധതി പ്രകാരം പ്രത്യേക ഉദ്ദേശ ഗ്രാന്റ് (Tied Grant) ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നീ ഘടകങ്ങൾക്ക് വേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഹരിതകർമ്മസേനയ്ക്ക് വേണ്ടി പ്രത്യേക ഉദ്ദേശ ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/2022-23 തീയതി 3.8.2023) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

1-23 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പ്രവർത്തനക്ഷമമായില്ല

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/തസ്വഭവ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക് ' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൂത്താളി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് പ്രൊജക്ട് നം. 156/21 ആയി 8,30,000രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചു. ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് സമീപമായി കുറ്റ്യാടി കോഴിക്കോട് റോഡിൽ നിന്നും ആക്സസ്സ് ചെയ്യാൻ പറ്റുന്ന രീതിയിൽ ആണ് പ്ലാൻ രൂപപ്പെടുത്തിയത്. എന്നാൽ പിന്നീട് സൈറ്റ് കൂത്താളി കുടുംബാരോഗ്യകേന്ദ്രം കോമ്പൗണ്ടിലേക്ക് മാറ്റി. സൈറ്റ് മാറ്റം വന്നതിനാൽ പ്ലാനിലും എസ്റ്റിമേറ്റിലും വ്യത്യാസം വരുകയും കെട്ടിടം നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 8.3ലക്ഷം മതിയാകാതെ വരുകയും ചെയ്തു. അതിനാൽ 2022-23 വർഷം കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 4 ലക്ഷം രൂപ അടങ്കലിൽ പുതിയൊരു പ്രൊജക്ട് കൂടി തയ്യാറാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. മേൽ പറഞ്ഞ രണ്ട് പ്രൊജക്ടുകളുടെയും എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല. ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാത്തതിനാൽ ടേക്ക് എ ബ്രേക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല. ടേക്ക് എ ബ്രേക്ക് നിർമ്മാണവും, നിലവിലെ അവസ്ഥയും ഓഡിറ്റിന്റെ ഭാഗമായി അവലോകന വിധേയമാക്കുകയുണ്ടായി. ഓഡിററിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ കേന്ദ്രം പ്രവർത്തനക്ഷമമായിട്ടില്ല എന്ന് കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

നിർമ്മാണം അനുയോജ്യമായ സ്ഥലത്തല്ല: സർക്കാർ ഉത്തരവ് (സാധാ) നം.1401/2020/ത.സ്വ.ഭ.വ.യിൽ നിർദ്ദേശിക്കുന്നതനുസരിച്ച് ദേശീയ-സംസ്ഥാന പാതയോരങ്ങളിലോ പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങളിലോ ആണ് പുതുതായി നിർമ്മിക്കുന്ന ശുചിമുറികൾ നിർമ്മിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പേരാമ്പ്ര – ചക്കിട്ടപ്പാറ റോഡിൽ നിന്നും ഏകദേശം 100മീറ്റർ മാറി കൂത്താളി കുടുംബാരോഗ്യകേന്ദ്രത്തിന്റെ കോമ്പൗണ്ടിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. മെയിൻ റോഡിന്റെ സൈഡിലല്ലാത്തതിനാൽ കുടുംബാരോഗ്യകേന്ദ്രത്തിൽ വരുന്ന രോഗികൾക്ക് മാത്രമേ ടേക്ക് എ ബ്രേക്ക് ഉപകാരപ്പെടുകയുള്ളൂ. ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് സമീപമായി കുറ്റ്യാടി കോഴിക്കോട് റോഡിൽ നിന്നും ആക്സസ്സ് ചെയ്യാൻ പറ്റുന്ന രീതിയിൽ ആണ് പ്ലാൻ രൂപപ്പെടുത്തിയിരുന്നത്. പിന്നീട് സൈറ്റ് കുടുംബാരോഗ്യകേന്ദ്രം കോമ്പൗണ്ടിലേക്ക് മാറ്റാനുണ്ടായ കാരണം റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.

ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമായില്ല: 2 പ്രൊജക്ടുകളിലായി കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാത്തതിനാലും കെട്ടിടത്തിലേക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കാത്തതിനാലും പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ സാധിച്ചിട്ടില്ല. കെട്ടിടനിർമ്മാണത്തിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ പദ്ധതി തയ്യാറാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 എ.സി.പി. പാനലിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ കൂടിയ നിരക്ക് ഉൾപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ട് നം. 29/23 – കൃഷിഭവൻ കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം, 126/23 – ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ പൂർത്തീകരണം എന്നീ പ്രൊജക്ടുകളിൽ എ.സി.പി പാനലിംഗ് പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ വിവരം | എ.സി.പി പാനലിംഗിന് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (DAR Item No. 25.7) | എ.സി.പി പാനലിംഗിന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| 1 | പ്രൊജക്ട് നം. - 126/23<br>അടങ്കൽ- 4,00,000/-, CFC(Tied)<br>ചെലവ് - 3,95,022/-<br>കരാറുകാരൻ - ശ്രീ.വി.കെ.സാജു | 5104.15/$m^2$ | 5104.15/$m^2$ | 21.882x5104.15 = 111704.33രൂപ |
| 2 | പ്രൊജക്ട് നം. - 29/23<br>അടങ്കൽ - 13,00,357/-, MG(NR)<br>ചെലവ് - 11,78,628/-<br>കരാറുകാരൻ - കൈരളി ലേബർ കോൺട്രാകട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 5104.15/$m^2$ | 4230.15/$m^2$ | 56.364x4230.15 = 238428.17രൂപ |

എ.സി.പി. പ്രവൃത്തിക്കായി ഉൾപ്പെടുത്തിയ ഐറ്റം DAR ലെ 25.7 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കാം

വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാക്കും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇതെന്ന് വ്യക്തമാകുന്നു. ഇതിന്റെ ഡാറ്റയിൽ വെതർ സീലന്റ്, EPDM Gasket എന്നീ സാധനങ്ങളും, ഇവ ഉറപ്പിക്കുന്നതിനുള്ള വലിയ നിരക്കിലുള്ള ഇൻസ്റ്റലേഷൻ, ഫാബ്രിക്കേഷൻ ചാർജ്ജുകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ ഇത്തരത്തിലുള്ള സാമഗ്രികളുടെ ഉപയോഗമോ, ഇൻസ്റ്റലേഷനും ഫാബ്രിക്കേഷനു മായി വലിയ മനുഷ്യാധ്വാനമോ വേണ്ടി വന്നിട്ടില്ല. എ.സി.പി. ഷീറ്റിന്റെ യഥാർത്ഥ മാർക്കറ്റ് വില ഡാറ്റയിൽ ഉള്ളതിനേക്കാളും കുറവാണെന്നതും ശ്രദ്ധേയമാണ്. രണ്ട് പ്രൊജക്ടുകളിലും ഈ ഇനത്തിൽ കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽ വലിയ അന്തരമുണ്ട്. മേൽ പ്രൊജക്ടുകളിൽ ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കാതെ വലിയ നിരക്കിന്റെ ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാൽ ഈ ഒരു ഇനത്തിന് മാത്രം വലിയൊരു തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/2022-23 തീയതി 3.8.2023) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 1-25 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം, പേര്, | 24/23, ടേക്ക് എ ബ്രേക്ക് |
| അടങ്കൽ, ഫണ്ടിനം | 8.30,000, കേന്ദ്രാവിഷ്കൃത പരിപാടി |
| ചെലവ്, ബിൽ നം | 7,69,213, ബിൽ നം. രേഖപ്പെടുത്തിയിട്ടില്ല തീയതി 20.9.2022 |
| കരാറുകാരൻ | ശ്രീ.സാജു.വി.കെ |
| കരാർ നം. | 47/2020-21 തീയതി 22.2.2021 |

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടർ, റീടെണ്ടർ എന്നിവയിൽ ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് ശ്രീ.സാജു.വി.കെ എന്ന കരാറുകാരനെ ഏൽപിച്ചു. 22.2.21 ന് കരാർ വെച്ച് ആരംഭിച്ച പ്രവൃത്തി 22.8.2021ന് പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും 2.6.2022നാണ് പൂർത്തീകരിച്ചിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ 6 മാസക്കാലം പൂർത്തീകരണ കാലാവധി സർക്കാർ ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഈ കാലയളവും കഴിഞ്ഞാണ് പൂർത്തീകരണം നടന്നിരിക്കുന്നത്.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ

നൽകേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. മേൽ പദ്ധതിയുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം പരമാവധി മൂന്ന് മാസം വരെ നീട്ടി നൽകാവുന്നതായിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നത് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/2022-23 തീയതി 3.8.2023) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതും കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 27.07.2023- 03.08.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് | 2022-23 | 2000000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1000000 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| | 2022-23 | 1526555 | ലൈഫ് ഭവന പദ്ധതി(പട്ടികജാതി) | 1180000 |
| | 2022-23 | 210000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 135000 |
| | 2022-23 | 200000 | കാലിത്തീറ്റ സബ്സിഡി | 200000 |
| | 2022-23 | 200000 | മിൽക്ക് ഇൻസെന്റീവ് | 200000 |
| ആകെ | | 2715000 | | 2715000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | മിൽക്ക് ഇൻസെന്റീവ് | 100000 |
| | 2022-23 | 200000 | കാലിത്തീറ്റ സബ്സിഡി | 200000 |
| | 2022-23 | 250000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 250000 |
| | 2022-23 | 68600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 68600 |
| | 2022-23 | 460000 | ലൈഫ് ഭവന പദ്ധതി(പട്ടികജാതി) | 460000 |
| ആകെ | | 1078600 | | 1078600 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 74/28.10.22 | 582862 | 0 | 582862 |
| | | 95/23.11.22 | 102935 | 0 | 102935 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 2022-23 | 22,00,000 | 93,06,469 | 16,66,921 | 0 | 98,39,548 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 10,00,000 |
| പലിശ | 731 |
| ആകെ | 10,00,731 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,00,731 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | തുക | പലിശ |
|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക്, പേരാമ്പ്ര ശാഖ | 28/03/23 | 10,00,000 | 731 |
| ആകെ | | | 10,00,731 | |

കുറിപ്പ്- പലിശ കണക്കാക്കിയിട്ടുള്ളതിൽ അപാകതയുണ്ട്, ആയത് വാർഷിക കണക്കിൽ പരാമർശിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തിയ്യതി |
|---|---|---|---|
| 2021-22 | 1105542 | പ്രസിഡന്റ് , എൻ ഐ എസ് .ജുമാമസ്ജിദ് | 1220100957/13.09.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർചാർജ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2007-08 | സർചാർജ് സർട്ടിഫിക്കറ്റ് നം. എൽ.എഫ്. 11113/സ്പെ.സെൽ/ സി.എസ് സി ഡി12/2013 തീയതി-16.2.15 | 3-9 (ഭാഗികം) | 3490<br>3490<br>3490<br>3490<br>3490<br>ആകെ 17450 | ഈടാക്കിയ വിവരം ലഭ്യമല്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | 2,90,11,340 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | 2,98,49,753 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,19,311 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര്, ഉദ്യോഗസ്ഥൻ |
|---|---|---|
| 1-8 | 219311 | ഡോ. ദീപ രവി വർമ്മ, മെഡിക്കൽ ഓഫീസർ- ഹോമിയോ |

ഇ)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(എഫ് ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ജി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല

(എച്ച് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേര് | വിലാസം |
|---|---|
| ഡോ. ദീപ രവി വർമ്മ | ശ്രീലക്ഷ്മി, കച്ചേരി റോഡ്, ചേളന്നൂർ.പി.ഒ, കോഴിക്കോട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി4/ 528/2018(2) തിയതി-30.04.18 | 1 | 3-10 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി7/ 247/2023 തിയതി-26.05.23 | 1 | 3-21 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1290/2021 തിയതി-8.04.22 | 1 | 3-8 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1289/2022 തിയതി-06.04.22 | 2 | 3-3, 3-8 |
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി പി4/528/ 18(7) തിയതി 30-04-18 | 3 | 3-5,3-19,3-20 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ. ഡി.പി7/1288/ 2021 തിയതി-16.04.22 | 3 | 3-1, 3-4, 3-13 |
| 2015-16 | കെ.എസ്.എ.കെ.കെ. ഡി. പി7/1652/ 2019 തീയതി-22.06.20 | 3 | 2-4,3-3,3-8 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി7/1287/2021 തിയ്യതി-13.10.21 | 2 | 3-8,3-13 |
| 2017-18 | കെ.എസ്.എ.കെ.കെ. ഡി.പി7/ 1833/ 2021 തിയതി-04.02.22 | 13 | 1-12(3),1-12(4),2-1, 3-1, 3-3,3-4,3-8,3-9,3-10, 3-13,3-14,3-16,3-17,3-18 |
| 2019-20 | കെ.എസ്.എ.കെ.കെ. ഡി.പി7/1133/2021 തിയതി-16.10.21 | 12 | 1-12, 1-13, 1-14, 1-16,1-17,1-22,1-23, 1-24,1-26,1-28, 1-30,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1323/2021 തിയ്യതി-04.02.22 | 19 | 1-4-1,1-5,1-10,1-13,1-14(1), 1-15(11),1-14(11),1-16,1-18,-19,1-20,1-21,1-23,1-24,1-26, 1-27,1-28,1-30(2),4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി7/ 244/2023 തിയ്യതി-30.05.23 | 15 | 1-1,1-2-1,1-4-7,1-8,1-9,1-10, 1-11,1-12,1-13,1-16,1-17,1-20, 1-21(1),1-22,4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(5)/23 dated 24-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Koothali Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koothali Grama Panchayat for the year 2022-2023

Date: 27/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Koothali Grama Panchayat for the Year 2022-2023.

### 1.Major Observations

1. Non-disclosure of asset.
2. Payment voucher mis-classification.

### 2.Other Observations

1. Following mandatory financial statements prescribed in accounting rule are not submitted for audit.

a.Ratios.

b.Notes to accounts.

2. Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.

3.Asset register does not match with the AFS
4.The following registes are not maintained/reliable for audit.
a.Sale of Tender forms register.
b.Sale of scrap register.
c.Stock register.
5. Cheque uncashed for more than 3 months were not transfered to stale cheque account.
6. Lapses in making timely demand entries in respect of tax and non tax revenue.
7. Receipt voucher mis-classification.
8.Grant liability amount shown as liability in balance sheet does not match with bank account opened for the specific grant.
9. ACR-AFS mismatch.
10.Bank book balance shown is reconciliation statement differ from the real Bank book balance.

Deputy Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്